**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2033 — 13.06.2019 ൽ മറുപടിക്ക്

## ആശുപത്രി ഉപകരണങ്ങളുടെ റിപ്പയർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
| (എ) ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ കേടാകുന്ന ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനായി ഏതെങ്കിലും സ്വകാര്യ കമ്പനിക്ക് കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിക്കാണെന്നും ഇവരെ നിയമിച്ചിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നും നിയമനവ്യവസ്ഥ, കാലാവധി എന്നിവയുടെയെല്ലാം വിശദവിവരം നൽകുമോ; | (എ) ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ കേടാകുന്ന ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനായി കിർലോസ്കർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് കരാർ നൽകിയിട്ടുണ്ട്.<br>ആരോഗ്യവകുപ്പിന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്റർ മുതൽ ജനറൽ ആശുപത്രി വരെയുള്ള എല്ലാ ആശുപത്രികളിലും നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നതും ഉപയോഗശൂന്യമായതുമായ ബയോ മെഡിക്കൽ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ (ബയോ മെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം -BEMP) നടത്തുന്നതിനുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനുള്ള ഗൈഡ്‌ലൈൻസും ഉത്തരവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ദർഘാസ് നടപടികൾ സ്വീകരിച്ചത് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ദർഘാസ് നടപടികൾക്കുവേണ്ടി എൻ.എച്ച്.എം നിർദ്ദേശിച്ച 7 അംഗ വിദഗ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി ചർച്ചചെയ്ത് ആകെ ഉപകരണങ്ങളുടെ എണ്ണവും വിലയും നിർണ്ണയിച്ച് ദർഘാസ് ഡോക്യുമെന്റ് തയ്യാറാക്കി ഇ-ടെൻഡർ മുഖാന്തിരം മാനദണ്ഡങ്ങൾ പാലിച്ചാണ് കമ്പനിയെ തെരഞ്ഞെടുത്തിരിക്കുന്നത്. ഈ പദ്ധതിയുടെ കാലാവധി 5 വർഷമാണ്. |
| (ബി) പ്രസ്തുത കമ്പനി റിപ്പയർ ചെയ്ത ഉപകരണങ്ങളിൽ മാറ്റിവെക്കുന്ന സ്പെയർപാർട്ടുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്ന സംവിധാനം നിലവിലുണ്ടോ; ഇതിനായി ആരോഗ്യവകുപ്പിലെ സാങ്കേതിക | (ബി) കേടായ ഉപകരണങ്ങളുടെ സ്പെയർ മാറ്റി കമ്പനി റിപ്പയർ ചെയ്ത ശേഷം അതാത് ആശുപത്രി അധികൃതർ ഉപകരണങ്ങളുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് ഒപ്പിട്ടു നൽകുന്നു. ആരോഗ്യ കേരളം തിരുവനന്തപുരത്തു നിന്നും എല്ലാ ജില്ലയിലും |

| | | | |
|---|---|---|---|
| | പരിജ്ഞാനം ഉള്ള ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; | | ഉപകരണങ്ങളുടെ സാങ്കേതിക വിദഗ്ദ്ധരായ ജൂനിയർ കൺസൾട്ടന്റ് ബയോ മെഡിക്കൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |
| (സി) | റിപ്പയർ ചെയ്യുന്നതിനായി പ്രസ്തുത കമ്പനിക്ക് തുക നൽകുന്നത് ആശുപത്രി വികസന ഫണ്ടിൽ നിന്നാണോ സർക്കാർ ഫണ്ടിൽ നിന്നാണോയെന്ന് വ്യക്തമാക്കുമോ; | (സി) | ആരോഗ്യ കേരളം ബയോ മെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് പ്രോഗ്രാം ( BEMP) ഫണ്ടിൽ നിന്നാണ് കമ്പനിയ്ക്ക് തുക നൽകുന്നത്. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് ആരോഗ്യവകുപ്പിൽ ഓഡിറ്റ് നടത്താറുണ്ടോ; എങ്കിൽ ഓഡിറ്റ് ചെയ്തതിൽ എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ഒരോ വർഷവും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ വരുന്ന അക്കൗണ്ട് ജനറൽ ഓഡിറ്റ്, സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങൾ പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ട്. ഇതുവരെ ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ